# സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

ടാക്സ്ടവർ, കിള്ളിപ്പാലം
കരമന, തിരുവനന്തപുരം
തീയതി: 29-08-2025

## പത്രക്കുറിപ്പ്

### *ഓപ്പറേഷൻ ആർക്കൻസ്റ്റോൺ* - സ്വർണ്ണാഭരണ ശാലകളിൽ സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ വ്യാപക പരിശോധന- 100 കോടിയിൽ അധികം രൂപയുടെ വിറ്റ് വരവ് വെട്ടിപ്പ് കണ്ടെത്തി.

തിരുവനന്തപുരം : *ഓപ്പറേഷൻ ആർക്കൻസ്റ്റോൺ* എന്ന പേരിൽ തൃശ്ശൂർ കേന്ദ്രീകരിച്ച് സ്വർണ്ണാഭരണ ശാലകളിൽ സംസ്ഥാന ജി.എസ്.ടി വകുപ്പ് നടത്തിയ പരിശോധനയിൽ 100 കോടിയിൽ അധികം രൂപയുടെ വിറ്റ് വരവ് വെട്ടിപ്പ് പ്രാഥമിക വിലയിരുത്തലിൽ കണ്ടെത്തി. ഓഗസ്റ്റ് 26 ന് വൈകുന്നേരം 4.30 ന് ആരംഭിച്ച പരിശോധന 27 ആം തീയ്യതി വരെ നീണ്ടു.

സംസ്ഥാന ജി.എസ്.ടി ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ 200 ൽ അധികം ഉദ്യോഗസ്ഥർ സംയുക്തമായാണ് പരിശോധനയിൽ പങ്കെടുത്തത്. തൃശ്ശൂർ ജില്ല കേന്ദ്രീകരിച്ച് 16 സ്വർണ്ണ വ്യാപാരികളുടെ സ്ഥാപനങ്ങളിലും, വസതികളും ഉൾപ്പെടെ 42 കേന്ദ്രങ്ങളിൽ , ഒരേ സമയം നടത്തിയ പരിശോധനയിൽ കണക്കിൽപ്പെടാത്ത 36 കിലോയോളം സ്വർണ്ണം അനധികൃതമായി സൂക്ഷിച്ചിരുന്നതായി കണ്ടെത്തി.

പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ നികുതി വെട്ടിപ്പിൽ നിന്നും ഇതുവരെ 2 കോടിയിൽ അധികം രൂപ നികുതി, പിഴ ഇനത്തിൽ സർക്കാരിലേയ്ക്ക് ഈടാക്കി.

നികുതി വെട്ടിപ്പ് നടത്തുന്നവർക്കെതിരെ കർശന നടപടികൾ തുടരുമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ അറിയിച്ചു

Sd/-

ADDITIONAL COMMISSIONER